## 2

## വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# അതു സാധ്യമാണോ?

പല ഉപദേഷ്ടാക്കന്മാരും ഇന്നു ആളുകളെ പഠിപ്പിച്ചു ക്രിസ്ത്യാനികളാക്കിയശേഷം, “അവർക്കു ഇഷ്ടമുള്ള സഭ തിരഞ്ഞെടുക്കാം” എന്നു പറയും. അങ്ങനെ നാമധേയ വിഭാഗങ്ങളുമായി ബന്ധപ്പെടാതെ തന്നെ ക്രിസ്ത്യാനിയായിത്തീരാമെന്നു അവർ സമ്മതിക്കയാണ് - അതായതു ഒരാൾക്കു ക്രിസ്ത്യാനിയായി, ക്രിസ്ത്യാനിയായി മാത്രം, നാമധേയ വിഭാഗത്തെ ആശ്രയിക്കാതെ ആകാം. അതുകൊണ്ടു, ആ കാലയളവിൽ പ്രചാരത്തിലിരിക്കുന്ന ഉപദേശ പ്രകാരം, ദൈവത്തെ ആരാധിക്കുവാൻ ആഗ്രഹിക്കുന്ന ഒരാൾ ആദ്യമായി ചെയ്യേണ്ടത് അയാൾ ക്രിസ്ത്യാനി ആകുക എന്നതാണെന്നുള്ളത് അവർക്ക് തർക്കിക്കുകയോ, തെളിയിക്കുകയോ ചെയ്യേണ്ടി വന്നില്ല.

പ്രചാരത്തിലിരിക്കുന്ന ഉപദേശം അനുസരിച്ചു, ആളുകൾ ആദ്യം ക്രിസ്ത്യാനികൾ ആകുക മാത്രമല്ല, അവർ യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെടുകയും, വിലെക്കു വാങ്ങുകയും, വീണ്ടെടുക്കുകയും ചെയ്യുന്നതു ദൈവ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലാണ്, അതു ഏതെങ്കിലും വിഭാഗത്തിലേക്കു പ്രവേശിക്കുന്നതിനു മുൻപു സംഭവിക്കുന്നു എന്നതു ഞാനും തെളിയിക്കേണ്ട ആവശ്യമില്ല. അവയെല്ലാം സമ്മതിക്കപ്പെട്ട വസ്തുതകളാണ്. ഒരാൾ രക്ഷിക്കപ്പെട്ടു ക്രിസ്ത്യാനിയായി തീരണം കൂട്ടായ്മക്കു അംഗമായി തീരുവാൻ, അല്ലാത്തവരെ ആരെയും ഒരു വിഭാഗവും ഇവിടെ സ്വീകരിക്കയില്ല. അതിന്റെ പ്രാധാന്യത്തെ ഊന്നി വിവിധ മതവിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നു അവകാശപ്പെടുന്നുണ്ട്. അതെല്ലാം വിട്ടു, പിന്നെ അവർ ക്രിസ്ത്യാനികൾ ആകുന്നതെങ്ങനെ എന്നു പഠിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നതു കാര്യമാക്കാതെ, ആളുകൾ നാമധേയ വിഭാഗക്കാർ ആകുന്നതിനുമുൻപു, രക്ഷിക്കപ്പെടുകയും, ദൈവമക്കളാകുകയും വേണമെന്നു എല്ലാവരും സമ്മതിക്കും. ഈ സമ്മതം നമ്മുടെ പഠനത്തിൽ വിശ്വാസ യോഗ്യമാണ്; അതു, ചുരുങ്ങിയത്, നമുക്കു ഒരു തുടക്കം തരുന്നു.

ഒരാൾ ക്രിസ്തുവിനെ കേട്ടിരിക്കാം, ക്രിസ്തുവിലേക്കു വരാം, അവന്റെ രക്തത്തിനടുക്കലുമെത്താം, ഒരു പക്ഷെ രക്ഷിക്കപ്പെട്ടേക്കാം, നാമധേയ വിഭാഗത്തിന്റെ യാതൊരു കറയും ഇല്ലാതെ കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ പേരും എഴുതപ്പെട്ടിരിക്കാം. അതുമതി, കൂടാതെ,

അപ്പോൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ആൾ ഈ നാമധേയ വിഭാഗങ്ങൾ പിന്നെ ഉണ്ടായതെന്തിനു എന്നു സംശയിച്ചേക്കാം. പിന്നെ ചർച്ച ചെയ്യേണ്ടതു, ഈ രക്ഷിക്കപ്പെട്ട ആൾ, ഈ ദൈവപൈതൽ, ഈ ക്രിസ്ത്യാനി, ഒരു സഭയിലാകുവാൻ, സഭയുമായി ബന്ധപ്പെടുവാനും സഭയിൽ നിരന്തരമായി പോകുവാനും നാമധേയ വിഭാഗത്തോടു ചേരേണ്ടതുണ്ടോ എന്നതാണ്.

സംശയത്തിനിട നല്കാതെ പെന്തെക്കൊസ്തു നാളിൽ ശിഷ്യന്മാരോടു ചേർന്നവർ രക്ഷിക്കപ്പെടുകയും സഭയോടു ചേർക്കപ്പെടുകയും ചെയ്തു, അവർ ക്രിസ്ത്യാനികളായും തീർന്നു; കാരണം അവിടെ പറഞ്ഞിരിക്കുന്നു, "... കർത്താവു രക്ഷിക്ക [പ്പെടുന്നവരെ] ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" (പ്രവൃത്തികൾ 2:47). ശിഷ്യന്മാർ എല്ലാവരും "ഒരുമനപ്പെട്ടു" "ദൈവാലയത്തിൽ കൂടി വരിക [യും], ... ദൈവത്തെ സ്തുതിക്കയും ചെയ്തു" (പ്രവൃത്തികൾ 2:46, 47) അവർ "ഒരുമിച്ചിരുന്നു" എന്നതും, അവർ സഭയായി ദൈവാലയത്തിൽ "ദൈവത്തെ സ്തുതിച്ചിരുന്നു," എന്നതും നിഷേധിക്കയില്ല, അവർ എല്ലാവരും "സഭാ നിലവാരത്തിൽ," പ്രവർത്തിക്കുകയും, ആ ശിഷ്യന്മാരെല്ലാം ആ സഭയിൽ ഉൾപ്പെടുകയും ചെയ്തിരുന്നു. അതു തീർച്ചപ്പെടുത്തുവാൻ, ആ ആളുകളുടെ ചരിത്രവും അവന്റെ നാമം നിമിത്തം തടവിലാക്കപ്പെട്ട; അവരുടെ രണ്ടു ഉപദേഷ്ടാക്കന്മാരായ, പത്രൊസിനെയും യോഹന്നാനെയും, നോക്കുകയും വേണം, എന്നാൽ ഉപദേശം നല്കിയ ശേഷം, ആ ഉപദേഷ്ടാക്കന്മാരെ "തങ്ങളുടെ കൂട്ടാളികളുടെ" അടുക്കലേക്കു മടങ്ങിപ്പോകുവാൻ അനുവദിച്ചു (പ്രവൃത്തികൾ 4:23), ആ കൂട്ടാളികളോടു അവർ തങ്ങൾക്കു തടവിൽ ഉണ്ടായ അനുഭവങ്ങൾ വിവരിച്ചു പറഞ്ഞു. പിന്നെ ആ കൂട്ടാളികൾ "അതു കേട്ടിട്ടു, അവർ ഒരുമനപ്പെട്ടു ദൈവത്തോടു നിലവിളിച്ചു," പ്രാർത്ഥിച്ചു, (പ്രവൃത്തികൾ 4:24); "ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ, അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; ... അവർ ദൈവ വചനം ധൈര്യത്തോടെ പ്രസ്താവിച്ചു" (പ്രവൃത്തികൾ 4:31). അതുകൊണ്ടു, ഈ ആളുകൾ – അവർ രക്ഷിക്കപ്പെട്ടവരായിരുന്നു – അവർ ഒരുമിച്ചുകൂടി സഭാ നിലവാരത്തിൽ ദൈവത്തെ ആരാധിക്കുകയും, സ്തുതിക്കുകയും, അവനോടു പ്രാർത്ഥിക്കുകയും ചെയ്തു. ആ കൂടി വരവിനെ "സഭായോഗം" എന്നു വിളിക്കുന്നതിൽ തെറ്റുണ്ടോ? ആകയാൽ ഈ രക്ഷിക്കപ്പെട്ടവരെ, അങ്ങനെ "ഒരുമനപ്പെട്ടു," ആരാധനക്കായി "സഭാ നിലവാരത്തിൽ" കൂടി വന്നവരെ "സഭ," എന്നു വിളിക്കുന്നതിൽ തെറ്റുണ്ടോ? നാം അതിർ കടന്നുപോകാതെ, ധൃതിയിൽ പോകാതെ ഇരുന്നാൽ വീണ്ടും നമുക്കു രേഖകളിലേക്കു തിരിയാം. പരിശുദ്ധാത്മാവു ആ ആളുകളെ "സഭ," എന്നു വിളിച്ചുവെങ്കിൽ, നാം അതിൽ തൃപ്തിപ്പെടണം.

> ആ കാലത്തു, ശിഷ്യന്മാർ പെരുകി വരുമ്പോൾ, തങ്ങളുടെ വിധവമാരെ ദിനമ്പ്രതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷയായി വിചാരിച്ചു എന്നു യവനഭാഷക്കാർ, എബ്രായഭാഷക്കാരുടെ നേരെ പിറുപിറുത്തു. പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചുവരുത്തി,

ഞങ്ങൾ ദൈവ വചനം ഉപേക്ഷിച്ചു മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു യോഗ്യമല്ല. ആകയാൽ സഹോദരന്മാരേ, ആത്മാവും ജ്ഞാനവും നിറഞ്ഞു നല്ല സാക്ഷ്യമുള്ള ഏഴു പുരുഷ ... ന്മാരെ നിങ്ങളിൽ നിന്നുതന്നെ തിരഞ്ഞുകൊൾവിൻ ... അവരെ ഈ വേലക്കു ആക്കണം. ഞങ്ങളോ വചനശുശ്രൂഷയിലും ഉറ്റിരിക്കും എന്നു പറഞ്ഞു (പ്രവൃത്തികൾ 6:1-5).

അവർ പുരുഷന്മാരെ തിരഞ്ഞെടുത്തു, "ആ വേലെക്കായി" അപ്പൊസ്തലന്മാർ അവരെ നിയമിച്ചു. അങ്ങനെ ആ ആളുകൾ യെരുശലേമിൽ വീണ്ടും കൂടി വന്നു എന്നു നാം കാണുന്നു. സഭാ നിലവാരത്തിൽ അവർ കൂടി വരികയും, അവർ ചില വേലെക്കായി ആളുകളെ തിരഞ്ഞെടുത്തു ആക്കുകയും, അവർ പ്രവർത്തിക്കുകയും ചെയ്തുവന്നു (ഞാൻ അതിനെ "സഭാ പ്രവൃത്തി" എന്നു വിളിക്കട്ടെ?) "ദൈവവചനം പരന്നു; യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏറ്റവും പെരുകി; പുരോഹിതന്മാരിലും വലിയൊരുകൂട്ടം വിശ്വാസത്തിനു അധീനരായി തീർന്നു" (പ്രവൃത്തികൾ 6:7).

യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചു. മതപരമായി പ്രവർത്തിക്കയും - പ്രാർത്ഥിക്കുകയും, സ്തുതിക്കയും, പ്രസംഗിക്കുകയും പാപികളെ രക്ഷിക്കുകയും ചെയ്ത ഈ കൂട്ടം എന്തായിരുന്നു? നാം അതിനെ സഭയെന്നു വിളിക്കുവാൻ ഒരുക്കമാണോ? നാം വാസ്തവത്തിൽ കർത്താവിന്റെ ശിഷ്യന്മാരെ, രക്ഷിക്കപ്പെട്ടവരെ, "സഭാ നിലവാരത്തിൽ" ആരാധിക്കയും സേവിക്കയും ചെയ്യുന്ന കർത്താവിന്റെ ശിഷ്യന്മാരെ പോലെ കണ്ടു, ദിനമ്പ്രതി രക്ഷിക്കപ്പെട്ടവർ അവരോടു ചേർക്കപ്പെട്ടുവോ? പരിശുദ്ധാത്മാവു സുരക്ഷിതർ എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു നാമും അവരെ സുരക്ഷിതർ എന്നു വിളിക്കുന്നതിൽ അപാകതയില്ല: "അന്നു യെരുശലേമിലെ സഭയ്ക്കു ഒരു വലിയ ഉപദ്രവം നേരിട്ടു" (പ്രവൃത്തികൾ 8:1).

വാസ്തവത്തിൽ, ഇതേ ആളുകളെ - ഒരുമനപ്പെട്ടു പ്രാർത്ഥിക്കയും, ദൈവത്തെ സ്തുതിക്കയും, സുവിശേഷം പ്രസംഗിക്കയും ദരിദ്രരെ ശുശ്രൂഷിപ്പാൻ പുരുഷന്മാരെ തിരഞ്ഞെടുക്കുകയും ചെയ്തവരെ - പരിശുദ്ധാത്മാവു തന്നെ വിളിച്ചതു "യെരുശലേമിലെ സഭ" എന്നാണ് (പ്രവൃത്തികൾ 8:1; 11:22). തീർച്ചയായും, അതു മതി. യെരുശലേമിലെ രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും സഭയിലെ അംഗമായിരുന്നു, എന്നിട്ടും യെരുശലേമിലെ സഭയെ നാമധേയ വിഭാഗം എന്നു പറഞ്ഞില്ല. യെരുശലേം പട്ടണത്തിലെ, രക്ഷിക്കപ്പെട്ട ഓരോരുത്തരും ദൈവത്തിന്റെ സഭയിലായിരുന്നു എന്നു എല്ലാ നാമധേയ വിഭാഗങ്ങളും സമ്മതിക്കും. അതുകൊണ്ടു, ഈ ശിഷ്യന്മാർ - ഈ ക്രിസ്ത്യാനികൾ, ഈ രക്ഷിക്കപ്പെട്ടവർ - ഒരിക്കലും നാമധേയ വിഭാഗം എന്നു കേൾക്കുകപോലും ചെയ്യാതെ ക്രിസ്ത്യാനികൾ മാത്രമായി, ക്രിസ്തുവിന്റെ ശിഷ്യന്മാരായി മാത്രം ജീവിക്കുകയും മരിക്കുകയും ചെയ്തു.

വാസ്തവത്തിൽ, സർവ്വ ലോകവും സമ്മതിക്കാത്ത ക്രിസ്ത്യാനിത്വം ലളിതവും നിർമ്മലവും, വിഭാഗരഹിതവുമാണെന്നു നാം കണ്ടു. അതോ

ടുകൂടെ, ദൈവജനം, ഭിന്നത ഭാവിക്കാതെ ഏക മനസ്സിലും ഏകാഭി പ്രായത്തിലും യോജിച്ചിരുന്നതായി നമുക്കു കാണുവാൻ കഴിഞ്ഞു; (1 കൊരിന്ത്യർ 1:10). എല്ലാവരും ഒന്നാകേണം എന്ന യേശുവിന്റെ പ്രാർത്ഥനയുടെ ഫലമായിരുന്നു അത് (യോഹന്നാൻ 17:20, 21). ആ പ്രാർത്ഥനയ്ക്കു മറുപടി കിട്ടിക്കഴിഞ്ഞു. നാമധേയ വിഭാഗങ്ങൾ വന്ന തോടെ, ഭിന്നതകൾ അവസാനിക്കാതെ - എങ്ങനെ യേശുവിന്റെ പ്രാർത്ഥനയ്ക്കു ഇന്നു മറുപടി ലഭിക്കും?

---

**പാപങ്ങളുടെ മോചനത്തിനുള്ള സ്നാനം**

"പത്രൊസ് അവരോടു, നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപ ങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമ ത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38).

© 2009 Truth for Today